**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3621** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവകലാശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | സംവരണ തത്വങ്ങൾ പാലിക്കുന്നതിനു വേണ്ട പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സംസ്ഥാനത്തു സ്വകാര്യ സർവകലാശാല ബിൽ തയാറാക്കിയിട്ടുള്ളത്. ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വിവിധ കോഴ്സുകൾക്ക് പലതരം സംവരണ മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ മൾട്ടി ഡിസിപ്ലിനറി സർവകലാശാലകൾ ഏതു രീതിയിൽ സംവരണ ക്രമം പാലിക്കും എന്ന് വ്യക്തമാക്കാമോ? | (ബി) | ഇതുമായി ബന്ധപ്പെട്ടും റൂൾസ് രൂപീകരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ